**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6115** **04-07-2019 ൽ മറുപടിക്ക്**

**അനധികൃതമായി അനുവദിച്ച നൽകിയ റവന്യൂഭൂമി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. വിജയദാസ് | ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | 2011-16 കാലയളവിൽ മുൻ സർക്കാർ അനധികൃതമായി അനുവദിച്ച നൽകിയിട്ടുള്ള റവന്യൂ ഭൂമിയുടെ വിശദവിവരങ്ങൾ നൽകുമോ ; | (എ) | വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിൽ കൽപ്പറ്റ വില്ലേജിൽ സർവ്വെ നമ്പർ 634 ൽപ്പെട്ട 40 സെന്റ് ഭൂമി 1995 ലെ കേരള മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ട പ്രകാരം സർക്കാരിന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് ദേശീയ മഹിളാ സമാജത്തിന് പതിച്ച് നൽകിയിട്ടുണ്ട്.കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്കിൽ ചിറക്കൽ വില്ലേജിലെ പുഴാതിദേശത്ത് റീ സർവ്വെ 17/4 ലെ 5 സെന്റ് ഭൂമി ശ്രീമതി. ചിത്രലേഖയ്ക്ക് അനുവദിച്ച നൽകിയിരുന്നു. മറ്റ് ജില്ലകളിൽ 2011-16 കാലയളവിൽ അനധികൃതമായി ഭൂമി അനുവദിച്ച നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇപ്രകാരം നൽകിയിട്ടുള്ള ഭൂമി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരികെ സർക്കാരിലേക്ക് കണ്ടുകെട്ടി യിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ ; | (ബി) യും (സി) യും | വയനാട് ജില്ലയിൽ സൗജന്യമായി പതിച്ച നൽകിയത് നിയമാനുസൃതമല്ലെന്ന് കണ്ടെത്തി യതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമി സൗജന്യമായി പതിച്ച നൽകിക്കൊണ്ടുള്ള മുൻ സർക്കാരിന്റെ കാലത്തെ ഉത്തരവ് റദ്ദാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ മറ്റ് തുടർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലാത്തതും ഭൂമി ദേശീയ മഹിളാ സമാജം കൈവശം വച്ച് വരുന്നുണ്ട്.<br>കണ്ണൂർ ജില്ലയിലെ ഭൂമി പതിച്ച നല്കിയ ഈ സർക്കാർ ഉത്തരവ് റദ്ദാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ശ്രീമതി. ചിത്രലേഖ ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ള WP(C) 14071/18 നമ്പർ കേസിൽ കോടതി തുടർ നടപടികൾ സ്റ്റേ ചെയ്തിട്ടുള്ളതിനാൽ ഭൂമി തിരികെ എടുക്കാൻ സാധിച്ചിട്ടില്ല. |
| (സി) | ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**